# പതിമൂന്നാം കേരള നിയമസഭ
## നാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1227** **20.03.2012-ൽ മറുപടിക്ക്**

## ഞാവളിൻകടവ് ഭാഗത്ത് പാലം നിർമ്മാണം

**ചോദ്യം**

ശ്രീ. എം. ഹംസ :

(എ) ഒറ്റപ്പാലം- തരൂർ അസംബ്ലി മണ്ഡലങ്ങളെ ബന്ധിപ്പിച്ച് ഭാരതപ്പുഴയ്ക്ക് കുറുകെ ഞാവളിൻ കടവ് ഭാഗത്ത് പാലം നിർമ്മിക്കുവാൻ 13.9.10-ൽ ജി.ഒ (ആർ.റ്റി) നം. 1454/10/പി.ഡബ്ല്യു.ഡി നമ്പരായി നൽകിയിരുന്ന ഉത്തരവ് പ്രകാരം പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചുവോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ;

(ബി) പ്രസ്തുത പാലം നിർമ്മാണവുമായി ബന്ധപ്പെട്ട് എത്ര മന്ത്രിതല യോഗങ്ങൾ നടക്കുകയുണ്ടായിയെന്നും എന്നെല്ലാമായിരുന്നു യോഗങ്ങൾ എന്നും ഏതെല്ലാം മന്ത്രിമാരാണ് പ്രസ്തുത യോഗത്തിൽ പങ്കെടുത്തതെന്നും അറിയിക്കുമോ;

(സി) പ്രസ്തുത യോഗത്തിൽ എന്തെല്ലാമായിരുന്നു തീരുമാനങ്ങൾ എന്നും അതിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പിലാക്കി എന്നും നടപ്പിലാക്കാത്തവ ഏതെല്ലാമെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ ?

**മറുപടി**

ശ്രീ. വി.കെ. ഇബ്രാഹിം കുഞ്ഞ്
(മരാമത്ത് വകുപ്പ് മന്ത്രി)

(എ) ഈ പാലത്തിന്റെ പണിക്കുള്ള സ്പെഷ്യൽ സാംഗ്ഷൻ ആണ് പ്രസ്തുത ഗവൺമെന്റ് ഓർഡർ പ്രകാരം ലഭിച്ചിട്ടുള്ളത്. പാലം പണിക്ക് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ലഭിചിട്ടില്ലാത്തതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ല.

(ബി) 22.09.2010-ൽ പൊതുമരാമത്തു മന്ത്രിയുടെ അധ്യക്ഷതയിൽ മന്ത്രിയുടെ ചേമ്പറിൽ വച്ച് ഒരു യോഗം നടന്നു. പങ്കെടുത്തവർ

ശ്രീ. എ.കെ. ബാലൻ - മന്ത്രി
ശ്രീ. എം. ഹംസ - എം.എൽ.എ.

(സി) 1. പാലത്തിന്റെ ഇൻവെസ്റ്റിഗേഷൻ ത്വരിതപ്പെടുത്തി അടിയന്തിരമായി പൂർത്തിയാക്കണം.
2. പാലത്തിന്റെ ഡിസൈൻ തയ്യാറാക്കുന്ന ചുമതല എസ്.ടി.യൂ.പി കൺസൽട്ടൻസിയെ ഏല്പിക്കാവുന്നതാണ്.
3. ഡിസൈൻ തയ്യാറാക്കുന്നതിനുള്ള നിരക്ക് എസ്.ടി.യൂ.പി കൺസൽട്ടൻസിയുമായി ചർച്ച ചെയ്ത് തീരുമാനിക്കാവുന്നതാണ്.

ഈ തീരുമാനങ്ങൾ നടപ്പിലാക്കാൻ വേണ്ടി 20.10.2010-ൽ ചീഫ് എഞ്ചിനീയറുടെ ചേമ്പറിൽ വച്ച് ഒരു യോഗം കൂടി ഇൻവെസ്റ്റിഗേഷൻ വർക്ക് എസ്.ടി.യൂപി-ക്ക് നൽകുവാനും ഡിസൈനും എസ്റ്റിമേറ്റും തയ്യാറാക്കി തരുവാൻ ആവശ്യപ്പെടുവാനും തീരുമാനിച്ചു. മുഴുവൻ പ്രോജക്ടിനുള്ള

ഫീസ് 25,00,000/- രൂപയും + നിയമാനുസൃത നികുതിയും ആണ് തീരുമാനിച്ചത്. G.O(Rt) No. 273/2011/പൊ.മ.വ തീയതി 18.02.2011 പ്രകാരം ഇത് അംഗീകരിച്ചു. എന്നാൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ ഇതുവരെയും ലഭിച്ചിട്ടില്ല. സ്പെഷ്യൽ സാംഗ്ഷൻ മാത്രമേ ലഭിച്ചിട്ടുള്ളു. സെലക്ഷൻ നോട്ടീസ് ഏജൻസിക്ക് കൊടുക്കണമെങ്കിൽ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും സ്പെഷ്യൽ സാംഗ്-ഷനും ആവശ്യമാണ്. ഞാവളിൻ കടവ് പാലത്തിന് അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷനും സ്പെഷ്യൽ സാംഗ്ഷനും നൽകുന്നതിനുള്ള പ്രൊപ്പോസൽ 11/10/2011-ലെ അഡ്മിനിസ്ട്രേറ്റീവ് സാംഗ്ഷൻ കമ്മറ്റിയുടെ പരിഗണനയ്ക്ക് സമർപ്പിച്ചുവെങ്കിലും സാംഗ്ഷൻ ലഭിച്ചിട്ടില്ല.

**സെക്ഷൻ ഓഫീസർ**